	എസ്.സി.	:	10
	എസ്.ടി.	:	ഇല്ല
2.	മിഡിൽ ലെവൽ എക്സിക്യൂട്ടീവ്	:	428
	എസ്.സി.	:	43
	എസ്.ടി.	:	1
3.	ലോവർ കാറ്റഗറി	:	5853
	എസ്.സി.	:	583
	എസ്.ടി	:	37
4.	വർക്കർ കാറ്റഗറി	:	1502
	എസ്.സി.	:	239
	എസ്.ടി.	:	24

(ബി) കേരളാ വാട്ടർ അതോറിറ്റിയിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുമാണ് നടത്തുന്നത്. നിയമനങ്ങളിൽ കേരള വാട്ടർ അതോറിറ്റി സംവരണതത്വങ്ങൾ പാലിക്കുന്നുണ്ട്. അതുകൊണ്ട് സംവരണതത്വങ്ങൾ വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥൻമാർ ലംഘിക്കുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടില്ല.

(സി) ഓരോ വർഷവും ജനുവരി ഒന്നാം തീയതിയിലെ കണക്കുവച്ച് വാർഷികാവലോകനം പൊതുഭരണ വകുപ്പ് നടത്തുന്നു. മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി തസ്തികകൾ സംവരണം ചെയ്യുകയും ചെയ്യുന്നു. ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള ഒരു ഹൈലെവൽ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്.

92 (1198) കോൺട്രാക്ടർമാർക്ക് കൊടുത്തു തീർക്കുവാനുള്ള തുക

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മാർച്ച് 31 വരെ സംസ്ഥാനത്തെ ജലസേചന വകുപ്പ് കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കുവാനുണ്ടായിരുന്ന തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 1999 മാർച്ച് 31 വരെ കൊടുത്തു തീർക്കുവാനുള്ള സംഖ്യ എത്ര;

(സി) കുടിശ്ശിക സംഖ്യ എന്നേക്ക് കൊടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ (ഐ. അന്റ് എ.), ചീഫ് എഞ്ചിനീയർ പ്രോജക്ട്-1, ചീഫ് എഞ്ചിനീയർ പ്രോജക്ട്-2. ചീഫ് എഞ്ചിനീയർ പ്രോജക്ട്-3 എന്നീ ആഫീസുകളിലെ കുടിശ്ശിക 4209.76 ലക്ഷം രൂപയായിരുന്നു.

(ബി) മേൽപ്പറഞ്ഞ ആഫീസുകളെ സംബന്ധിച്ച തുക 7725.81 ലക്ഷം രൂപയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതാണ്.

93 (1199) കാഡയുടെ നിർമ്മാണപ്രവർത്തനങ്ങൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഡയുടെ നെയ്യാറ്റിൻകര ഡിവിഷന് കീഴിൽ 1998-99 വർഷത്തിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കാഡയുടെ മറ്റ് ഡിവിഷനുകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ ഡിവിഷന് കീഴിൽ വളരെ കുറച്ച് പ്രവൃത്തികൾ മാത്രമേ ഈ കാലത്ത് നടത്തിയിട്ടുള്ളു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 1999-2000 വർഷത്തിൽ ഈ ഡിവിഷന് കീഴിലുള്ള പ്രവൃത്തികളെ സംബന്ധിച്ച് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1998-99 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര ഡിവിഷന് കീഴിൽ 11 ഫീൽഡ് ഡ്രെയിനുകളുടേയും ഒരു ഫീൽഡ് ചാനലിന്റേയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി. കൂടാതെ ഒരു കുളത്തിന്റെ പുനരുദ്ധാരണ ജോലിയും നടപ്പാക്കി.

(ബി) കാഡയുടെ പ്രവർത്തനങ്ങൾ പരമാവധി ഓരോ പ്രോജക്ടിനും കീഴിലുള്ള കമാൻഡ് ഏരിയയുടെ വ്യപ്തിയിൽ ക്ലിപ്തപ്പെടുത്തിയാണ് നടപ്പാക്കുന്നത്. കാഡയുടെ പ്രവർത്തനങ്ങളുടെ ആരംഭഘട്ടത്തിൽ ഉൾപ്പെടുത്തിയ പത്ത് പദ്ധതികളിലൊന്നാണ് നെയ്യാർ പദ്ധതി. അതുകൊണ്ടുതന്നെ കാഡായുടെ മുഖ്യ നിർമ്മാണ പ്രവൃത്തികളായ ഫീൽഡ് ചാനൽ ജോലികളും വാരബന്ധി സൗകര്യം ഏർപ്പെടുത്തുന്ന ജോലികളും ഈ പദ്ധതിയുടെ ആയക്കെട്ട് പ്രദേശമായ 11655 ഹെക്ടർ സ്ഥലത്തും 1998-99ന് മുമ്പുതന്നെ പൂർത്തിയാക്കിക്കഴിഞ്ഞു. ആരംഭഘട്ടത്തിൽതന്നെ ഉണ്ടായിരുന്ന മറ്റൊരു നിർമ്മാണ പ്രവർത്തനമാണ് ഫീൽഡ് ഡ്രെയിൻ. പ്രസ്തുത ജോലിക്ക് തത്സമയം 50% ഗ്രാന്റും 50% ലോണുമാണ് നൽകിയിരുന്നത്. അതുകൊണ്ട് ഈ പ്രവൃത്തിക്ക് ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ പിന്നീട് 100% ഗ്രാന്റ് ഏർപ്പെടുത്തിയതോടെ ഇപ്പോൾ പുരോഗതി പ്രാപിച്ചു വരുന്നു. അതിന്റെ ഫലമായി പതിമൂന്ന് ലക്ഷം രൂപ ചെലവാക്കി 1301 ഹെക്ടർ ആയക്കെട്ട് പ്രദേശത്ത് 1998-99 കാലത്ത് ഫീൽഡ് ഡ്രെയിൻ ജോലി നടപ്പാക്കി. കൂടാതെ ഇപ്പോൾ കേന്ദ്രാനുമതി ലഭിച്ചിരിക്കുന്ന വെള്ളക്കെട്ട് നിവാരണ ജോലികൾ നെയ്യാർ പദ്ധതിയുടെ ആയക്കെട്ട് പ്രദേശത്ത് ഏർപ്പെടുത്തിവരുന്നു. കൂടാതെ കാർഷിക പദ്ധതിക്കൾക്കായി മൊത്തം 68.59 ലക്ഷം രൂപ, 1998-99 വർഷത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. പമ്പ, പെരിയാർവാലി, വാഴാനി, ചിറ്റൂർപുഴ, ഗായത്രി, പോത്തുക്കണ്ടി തുടങ്ങിയ പതിനൊന്ന് ഡിവിഷനുകളേക്കാൾ കൂടുതൽ തുക നെയ്യാറ്റിൻകര ഡിവിഷനിൽ കാർഷിക പദ്ധതികൾക്കായി ചെലവ് ചെയ്തിട്ടുണ്ട് എന്നതാണ് വസ്തുത.

LIBRARY ARCHIVES Kerala Legislative Assembly